**പതിനൊന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2002 ജൂലായ് 22, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

194 (*567) പ്രവേശന പരീക്ഷകളുടെ നടത്തിപ്പ്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) നൽകിയ മറുപടിയിൽ, പ്രവേശന പരീക്ഷകളുടെ നടത്തിപ്പ് സംബന്ധിച്ച് ഉയർന്നുവന്ന വിവാദങ്ങൾ, ചോദ്യങ്ങളേയും ഉത്തരസൂചികയേയും സംബന്ധിക്കുന്ന ഭിന്നാഭിപ്രായങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണെന്ന് സഭയെ അറിയിച്ചു. പ്രവേശന പരീക്ഷയുടെ വിശ്വാസ്യതയ്ക്ക് കോട്ടം തട്ടുന്ന വിധത്തിൽ, പരീക്ഷയുടെ നടത്തിപ്പ്, റാങ്ക് നിർണ്ണയം തുടങ്ങിയ കാര്യങ്ങളിലെ സുതാര്യതയും നിഷ്പക്ഷതയും സംബന്ധിച്ച് യാതൊരു പരാതിയും ഉണ്ടായിട്ടില്ല. കുറ്റമറ്റ രീതിയിൽ തുടർന്നും പരീക്ഷകൾ നടത്തുന്നതിനാവശ്യമായ എല്ലാവിധ നടപടികളും സ്വീകരിക്കുന്നതാണ്. ഗവൺമെന്റ് നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മൂന്നു ദിവസം മുമ്പ് ആൻസർ കീ പ്രസിദ്ധീകരിക്കുകയും അതിൽ വന്ന പരാതികൾ ഹൈക്കോടതി പരിഗണിക്കുകയും ചെയ്തു. ആ ഹൈക്കോടതിയുടെ ജഡ്ജ്മെന്റ് കിട്ടിക്കഴിഞ്ഞാൽ നാലോ അഞ്ചോ ദിവസത്തിനുള്ളിൽ റാങ്ക് ലിസ്റ്റ് റീകാസ്റ്റ് ചെയ്യുന്നതാണ്. ജഡ്ജ്മെന്റ് എത്രയുംവേഗം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിൽ മാത്രമാണ് ആൻസർ കീ പബ്ലിഷ് ചെയ്യുന്നത്. എൻട്രൻസ് പരീക്ഷാ കമ്മീഷണർ രഹസ്യമായി തയ്യാറാക്കുന്ന ചോദ്യങ്ങൾ സൂക്ഷ്മതയോടുകൂടി പരിശോധിച്ച് ഫൈനലൈസ് ചെയ്തശേഷമാണ് പ്രിന്റു ചെയ്യുന്നത്. എൻട്രൻസ് പരീക്ഷയിൽ ക്വസ്റ്റ്യൻ ബാങ്ക് സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. എൻ.ആർ.ഐ. ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്നതിന് മാർക്കിന്റെ പരിധി 50 ശതമാനമാക്കിയിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

195 (*568) <u>വിജയഭേരി പദ്ധതി</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, മലപ്പുറം ജില്ലയിൽ മാത്രമാണ് വിജയഭേരി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. ഈ പദ്ധതി നടപ്പാക്കിയതുകൊണ്ട് മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. വിജയശതമാനം മുൻവർഷത്തെക്കാൾ 7 ശതമാനം വർദ്ധിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. പാലക്കാട്, എറണാകുളം ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട പദ്ധതിയുണ്ട്. വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ, സാമൂഹികമായ അബോധാവസ്ഥ, പത്താം ക്ലാസിലെ കൂട്ടത്തോൽവി, ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിലെ പരാജയം, രക്ഷിതാക്കളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള ബന്ധക്കുറവ്, സ്കൂളിലെ സൗകര്യക്കുറവ്, പരീക്ഷാ നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ, വീടുകളിൽ പിതാക്കൻമാരുടെ അനാസ്ഥ മുതലായ കാര്യങ്ങൾ വിലയിരുത്തിക്കൊണ്ടാണ് വിശദമായ പരിപാടി തയ്യാറാക്കി മലപ്പുറം ജില്ലയിൽ പ്രാവർത്തികമാക്കിയത്. മലപ്പുറം ജില്ലാ പഞ്ചായത്താണ് വിശദമായി പ്രോജക്ട് തയ്യാറാക്കി നടപ്പാക്കിയത്. പത്താം ക്ലാസിലെ കൂട്ടത്തോൽവി ഒഴിവാക്കാൻ ഗ്രേഡിംഗ് സമ്പ്രദായം ഇത്തവണ എട്ടാം ക്ലാസു മുതൽ തുടങ്ങിക്കഴിഞ്ഞു. കൂടാതെ ദത്തെടുക്കൽ, കൗൺസിൽ ക്ലാസ്, പഠന ക്യാമ്പ് എന്നിവ മലപ്പുറം ജില്ലയിൽ നടത്തിയതുപോലെ മറ്റു ജില്ലകളിലും നടപ്പിലാക്കുന്നതാണ്. ക്വാളിറ്റി ഇംപ്രൂവ്മെന്റ് സ്കീംപ്രകാരം ഒന്നാം ക്ലാസു മുതൽ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് നൽകിവരുന്ന പരിഹാര ബോധന ക്ലാസുകൾ എല്ലാ സ്കൂളുകളിലും വ്യാപകമായി നടത്തണമെന്ന് ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. പരീക്ഷയിലെ കൂട്ടത്തോൽവി ഒഴിവാക്കുന്നതിന് ആ സ്കൂളുകളെ ദത്തെടുത്ത് അവർക്ക് പ്രത്യേകമായ അദ്ധ്യാപകരെ നിശ്ചയിച്ച് പഠന സൗകര്യങ്ങൾ എത്തിക്കുന്നതിനുള്ള സ്കീം നിലവിലുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

196 (*569) <u>ഡി.പി.ഇ.പി. യുടെ പ്രവർത്തനത്തിലെ അഴിമതി</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, മുൻഗവൺമെന്റിന്റെ കാലത്ത് ഡി.പി.ഇ.പി. മേഖലയിൽ ക്രമക്കേടുകൾ നടന്നതായുള്ള ആരോപണങ്ങളെക്കുറിച്ച് സർക്കാരിന്റെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ട് പ്രകാരം വെളിവായിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടന്നുവരികയുമാണെന്ന് സഭയെ അറിയിച്ചു. ഈ വകയിൽ സംസ്ഥാന ഗവൺമെന്റ് 4.8 കോടി രൂപ ദുരുപയോഗം ചെയ്തതായി സി. ആന്റ് എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡി.പി.ഇ.പി. യുടെ ആവശ്യത്തിനായി വാങ്ങിയ 275.9 ലക്ഷം രൂപയുടെ

പുസ്തകങ്ങൾ ലൈബ്രറികളിൽപോലും ഉപയോഗിക്കാൻ പറ്റാത്തവിധം കെട്ടിക്കിടക്കുന്നു. 2003-ഓടുകൂടി ഈ പദ്ധതി അവസാനിപ്പിക്കുമെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

197 (*570) <u>നിർമ്മാണം പൂർത്തിയായ പാലങ്ങൾക്ക് അപ്രോച്ച് റോഡ് നിർമ്മിക്കാൻ നടപടി</u>

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ) നൽകിയ മറുപടിയിൽ,സംസ്ഥാനത്ത് അപ്രോച്ച് റോഡുകളുടെ പണി പൂർത്തിയാകാത്തതിനാൽ, കോട്ടയം ജില്ലയിൽ കടുവാമൂഴിപ്പാലം (ഏറ്റുമാനൂർ-പൂഞ്ഞാർ റോഡിൽ കി.മീ.27/800ൽ), ആലപ്പുഴ ജില്ലയിൽ ഉളുന്തി പാലം, എറണാകുളം ജില്ലയിൽ പ്രയാട് ചെറിയപള്ളംതുരുത്ത് പാലം, ഇടുക്കി ജില്ലയിൽ വെങ്ങല്ലൂർ കോലാനി പാലം, ഇരിക്കുംപുഴ പാലം, ചേലക്കാട് പാലം, കോഴിക്കോട് ജില്ലയിൽ മുക്കത്ത്കടവ് പാലം, കോതിപള്ളികണ്ടി പാലം, അണയനക്കടവ് പാലം എന്നിവ ഉപയോഗിക്കാനാകാതെ കിടക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അപ്രോച്ച് റോഡുകളുടെ നിർമമാണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലം പണി പൂർത്തിയായിട്ടും അപ്രോച്ച് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം കിട്ടാത്ത പ്രദേശങ്ങളുണ്ട്. ഇത് ഗവൺമെന്റിന് വലിയ ബുദ്ധിമുട്ടുകളുണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇനി മുതൽ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി യൂട്ടിലിറ്റീസും ഷിഫ്റ്റ് ചെയ്തശേഷമേ പാലം പണിക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകാവൂ എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം ലാന്റ് അക്വിസിഷൻ നടപടികളിലുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ലാന്റ് അക്വിസിഷൻ നിയമത്തിൽ സമൂലമായ മാറ്റം വരുത്തുന്നതിന് നിയമവകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

198 (*576) <u>റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം</u>

മരാമത്ത് വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, റെയിൽവേയുമായി സംസ്ഥാന പൊതുമരാമത്ത് വകുപ്പ് 4.7.02-ൽ ഒപ്പിട്ട എം.ഒ.യു. അനുസരിച്ച് റെയിൽവേ ലൈനിന്റെ മുകൾ ഭാഗം ഉൾപ്പെടെയുള്ള മേൽപ്പാലത്തിന്റെ മുഴുവൻ ഭാഗവും സംസ്ഥാന സർക്കാരോ സർക്കാർ നിശ്ചയിക്കുന്ന ഏജൻസിയോ നിർമ്മിക്കുന്നതിന് റെയിൽവേ സമ്മതിച്ചിട്ടുണ്ടെന്ന് അറിയിച്ചു. എം.ഒ.യു. വഴി സംസ്ഥാനത്തിന് ലഭിക്കുന്ന മറ്റൊരു പ്രയോജനം പണിയുടെ പുരോഗതിക്കനുസരിച്ച് റയിൽവേയുടെ വിഹിതമായ 50% തുക റീഇംപേഴ്സ് ചെയ്തു ലഭിക്കുമെന്നുള്ളതാണ്. ഒരേ ഏജൻസിക്കുതന്നെ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡുൾപ്പെടെ മുഴുവൻ ഭാഗവും നിർമ്മിക്കാൻ കഴിയുമെന്നുള്ളതും പണിയുടെ പുരോഗതിയനുസരിച്ച് റെയിൽവേയുടെ ആനുപാതികമായ വിഹിതം കിട്ടിക്കൊണ്ടിരിക്കുമെന്നുള്ളതും ആ പണി പെട്ടെന്ന് പൂർത്തിയാക്കുന്നതിന് സഹായകമാകും.

ഇതനുസരിച്ച് മുൻഗണനാക്രമത്തിൽ പൂർത്തിയാക്കാനുള്ള 48 മേൽപ്പാലങ്ങളിൽ 15 എണ്ണം ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

199 (*589) <u>പുറംപോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം</u>

റവന്യൂവും നിയമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ സംസ്ഥാനത്ത് പുറംപോക്കുകളിൽ സ്ഥിരമായി താമസിക്കുന്നവർക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കേരള ഭൂമി പതിവു ചട്ടങ്ങൾ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അർഹതയുടെ അടിസ്ഥാനത്തിൽ ഭൂമി പതിച്ചു പട്ടയം നൽകി വരുന്നുണ്ടെന്ന് അറിയിച്ചു. ഇതനുസരിച്ച് 1964–ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശങ്ങളിലും 1995–ലെ ഭൂമിപതിവ് ചട്ടങ്ങൾക്ക് വിധേയമായി മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിലും പട്ടയം നൽകി വരുന്നുണ്ട്. 1997–ലെ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ തോട്, പുഴ, കുളം, റോഡുപുറംമ്പോക്കുകളിലെ കൈവശക്കാർക്കും 1999–ലെ ഉത്തരവു പ്രകാരം നഗര/കോർപ്പറേഷൻ പ്രദേശങ്ങളിലേയും കൈവശക്കാർക്കും കൈവശരേഖ നൽകിവരുന്നുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

187 (3562) <u>റവന്യൂ കുടിശ്ശിക</u>

2001 ജൂൺ മുതൽ 2002 ജൂൺ വരെ ലാന്റ് റവന്യൂ ഇനത്തിൽ 7820.60 ലക്ഷം രൂപയും റവന്യൂ റിക്കവറി ഇനത്തിൽ (സർക്കാർ കുടിശ്ശിക) 6353.26 ലക്ഷം രൂപയും ഉൾപ്പെടെ 14173.86 ലക്ഷം രൂപ പിരിച്ചെടുത്തു. മൊത്തം 111270.67 ലക്ഷം രൂപ ഈ ഇനങ്ങളിൽ ഇനി പിരിഞ്ഞു കിട്ടാനുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 425 കോടി രൂപ പിരിച്ചെടുക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്.

188 (3569) <u>പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് കേന്ദ്രം നൽകിയ തുക</u>

പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേക്ക് കേന്ദ്ര സർക്കാരിൽനിന്ന് 2000–01–ൽ 1734.39 ലക്ഷം രൂപയും 2002–03–ൽ ഒന്നാം ഗഡുവായി 2780 ലക്ഷം രൂപയും ലഭിച്ചിട്ടുള്ളതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം ഉൾപ്പെടെ 2000–01–ൽ 2235.50 ലക്ഷം രൂപയും 2002–03–ൽ ഇതുവരെ 4682.92 ലക്ഷം രൂപയും ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.